**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു. ഹൈക്കോടതിയുടെ 25.11.2022-ലെ WP(C)No.30021, 29428/2012 നമ്പർ വിധിന്യായം - ശ്രീമതി രമണി എബ്രഹാം, ശ്രീമതി മേരി എബ്രഹാം എന്നിവർക്ക് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച തുക സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.1284/2023/LSGD തീയതി,തിരുവനന്തപുരം, 20-06-2023

---

പരാമർശം:-

1) ബഹു. ഹൈക്കോടതിയുടെ 25.11.2022-ലെ WP(C)No.30021, 29429/2012 നമ്പർ കേസുകളിലെ വിധിന്യായം.

2) എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.03.2023-ലെ D.P.12-C/1757/2022-നമ്പർ നടപടിക്രമം.

3) എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.05.2023-ലെ D.P.12-C/1757/2022-നമ്പർ കത്ത്.

**ഉത്തരവ്**

ഗുണഭോക്തൃ വിഹിതത്തിന്റെ പേരിൽ തടഞ്ഞ് വെയ്ക്കപ്പെട്ടതും എറണാകുളം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയുമായ പ്രവൃത്തികളുടെ തുക അനുവദിച്ച് നൽകണമെന്ന് കാണിച്ച് എറണാകുളം ജില്ലാ പഞ്ചായത്തിനെ എതിർ കക്ഷിയാക്കി കരാറുകാരനായ സി.വി.എബ്രഹാം W.P.(C)No. 30021, 29429/2012 എന്നീ ഹർജികൾ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യുകയുണ്ടായി.

2) മേൽ ഹർജികൾ ബഹു.കേരള ഹൈക്കോടതി 25.11.2022-ന് പരിഗണിക്കുകയും, പരാമർശം (1) പ്രകാരമുള്ള, വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേസുകളിലെ പലിശ സഹിതം ആകെ തുക 18,40,340/- ലക്ഷം രൂപ (പതിനെട്ട് ലക്ഷത്തി നാല്പത്തിനായിരത്തി മുന്നൂറ്റി നാൽപ്പത് രൂപ മാത്രം) ആയി എന്നും വാറ്റ് നികുതി, ഇൻകം ടാക്സ്, കേരളാ സ്റ്റേറ്റ് കോൺട്രാക്റ്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ മടക്കേണ്ട തുക എന്നിങ്ങനെയുള്ളവ കുറവ് ചെയ്ത് ബാക്കി തുകയായ 17,29,920/- രൂപ (പതിനേഴ ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപതു രൂപ മാത്രം) ഹർജിക്കാരനായ സി.വി.എബ്രഹാം മരണപ്പെട്ടു പോയതിനെ തുടർന്ന് ബഹു.ഹൈക്കോടതി അവകാശികളായി പ്രഖ്യാപിച്ചിട്ടുള്ള ശ്രീമതി രമണി എബ്രഹാം, ശ്രീമതി മേരി എബ്രഹാം എന്നിവർക്ക്, പരാമർശം (2) പ്രകാരം, തുല്യമായി വീതിച്ച് നൽകിയിട്ടുള്ളതാണ് എന്നും ആയതിനാൽ തുക അനുവദിച്ച് നൽകിയ മേൽ നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത്

സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ബഹു.ഹൈക്കോടതിയുടെ, പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതി അവകാശികളായി പ്രഖ്യാപിച്ചിട്ടുള്ള ശ്രീമതി രമണി എബ്രഹാം, ശ്രീമതി മേരി എബ്രഹാം എന്നിവർക്ക് പരാമർശം (2) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി 17,29,920/- രൂപ (പതിനേഴ് ലക്ഷത്തി ഇരുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപതു രൂപ മാത്രം) തുല്യമായി വീതിച്ചു നൽകിയ നടപടി 1994 ലെ പഞ്ചായത്തീരാജ് ആക്റ്റ്, സെക്ഷൻ 213(1)(iv) പ്രകാരം പഞ്ചായത്തിന് ചെലവഴിക്കാവുന്ന ഇനമാകയാൽ പ്രസ്തുത നടപടി സാധൂകരിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Reenamma P A
Date: 21-06-2023 10:53:40
സെക്ഷൻ ഓഫീസർ